# METRO VAARTHA

## Responsible Tourism: State inks MoU with Madhya Pradesh

**Date :** 14.3.2020 | **Edition : Kochi** | **Page :** 11 | **Clip size (cm) : W:** 28 **H:** 10

---

# ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കൽ; കേരളവും മധ്യപ്രദേശും കരാർ ഒപ്പിട്ടു

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ ടൂറിസം ചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർത്തുകൊണ്ട് കേരളവും മധ്യപ്രദേശും ഉത്തരവാദിത്ത ടൂറിസം മേഖലയിൽ പുതിയ കരാർ ഒപ്പിട്ടു. ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിയമസഭാ ചോദ്യോത്തര വേളയിൽ ഈ വിവരം നിയമസഭയെ അറിയിച്ചു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കേരളത്തിൽ നടപ്പാക്കുന്ന വിധത്തിൽ മധ്യപ്രദേശിൽ ആരംഭിക്കുന്നതിനുള്ള കരാർ കേരള ടൂറിസം സെക്രട്ടറി റാണി ജോർജ് ഐഎഎസും മധ്യപ്രദേശ് ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറിയും മുഖ്യമന്ത്രിയുടെ സെക്രട്ടറിയുമായ ഫൈസ് അഹമ്മദ് കിദ്വായി ഐഎഎസു മായി ഒപ്പിട്ടു. ധാരണാപത്രപ്രകാരം 2022 വരെയാണ് കരാർ. കരാർ പ്രകാരം പദ്ധതിയുടെ നിർവഹണ ചുമതല മധ്യപ്രദേശിൽ മധ്യപ്രദേശ് ടൂറിസം ബോർഡിനും കേരളത്തിനു വേണ്ടി സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷനുമാണ്. ഉത്തരവാദിത്ത ടൂറിസം സംസ്ഥാന മിഷൻ കോ ഓർഡിനേറ്റർ കെ. രൂപേഷ്കുമാർ കേരളത്തിൻ വേണ്ടിയും മധ്യപ്രദേശ് ടൂറിസം ബോർഡ് ഡയറക്റ്റർ ഡോ. മനോജ്കുമാർ സിംഗ് മധ്യപ്രദേശിനുവേണ്ടിയും യഥാക്രമം നോഡൽ ഓഫീസർമാരായി പ്രവർത്തിക്കും. ഉത്തരവാദിത്ത ടൂറിസം പ്രവർത്തന മാർഗരേഖ തയാറാക്കുന്നതു മുതൽ നിർവഹണം വരെയുള്ള 16 കാര്യങ്ങളാണ് മധ്യപ്രദേശിൽ നടപ്പാക്കുന്നതിന് മധ്യപ്രദേശ് ടൂറിസം ബോർഡിനെ ഉത്തരവാദിത്തടൂറിസം മിഷൻ സഹായിക്കുക.

**കരാർ പ്രകാരം പദ്ധതിയുടെ നിർവഹണ ചുമതല മധ്യപ്രദേശിൽ മധ്യപ്രദേശ് ടൂറിസം ബോർഡിനും കേരളത്തിനു വേണ്ടി സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷനുമാണ്.**

2017 ജൂൺ മാസത്തിൽ നിലവിൽ വന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തങ്ങൾ കേരളത്തിലെ ടൂറിസം രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ട് വന്നിട്ടുള്ളത്. ടൂറിസം രംഗത്ത് പ്രാദേശിക ജനകീയ പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ കേരള ടൂറിസം വകുപ്പ് നടത്തി വരുന്നത്. സംസ്ഥാന വ്യാപകമായി പതിനേഴായിരത്തിലധികം രജിസ്റ്റേർഡ് യൂണിറ്റുകളും ഒരു ലക്ഷത്തോളം ഗുണഭോക്താക്കളുമുണ്ട് ഉത്തരവാദിത്ത ടൂറിസം മിഷനിൽ. ഇതിൽത്തന്നെ 13567 (80%) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്. 2017 ഓഗസ്റ്റ് മുതൽ 2020 ഫെബ്രുവരി 29 വരെ 28 കോടി രൂപയുടെ വരുമാനം ആർടി മിഷൻ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ജന സമൂഹത്തിനു ലഭ്യമായിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ വഴി പ്രാദേശിക സമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവാദിത്ത പൂർണമായ ഒരു ടൂറിസം സംസ്കാരം കേരളത്തിൽ വളർത്തിയെടുക്കുകയാണ് കേരള സർക്കാർ ചെയ്യുന്നത്. പ്രാദേശികമായും ദേശീയ അന്തർദ്ദേശീയ തലത്തിലും ഈ പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നു. അന്താരാഷ്ട്ര തലത്തിൽ ടൂറിസം രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട അവാർഡുകളിൽ ഒന്നായ ഡബ്ല്യു ടി എം ഗോൾഡ് അവാർഡ്, സ്ത്രീ ശാക്തീകരണത്തിനുള്ള പാറ്റ അവാർഡ് ഉൾപ്പെടെ നാല് അന്താരാഷ്ട്ര അംഗീകാരങ്ങൾ ഉൾപ്പെടെ ഏഴ് അവാർഡുകൾ ആർ ടി മിഷനിലൂടെ കേരള ടൂറിസത്തിന് ലഭ്യമായിട്ടുണ്ട്.

മധ്യപ്രദേശ് ടൂറിസം ബോർഡ്, മധ്യപ്രദേശ്സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെക്കായി വിവിധ സഹായങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷനെ സമീപിച്ചിരുന്നു. ഇതിന്റെ ഭാഗമായി വിവിധ ചർച്ചകൾക്കായി മധ്യപ്രദേശ്ടൂറിസം ബോർഡ് ടൂറിസം ബോർഡ് പ്രതിനിധികളും ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ടൂറിസം സെക്രട്ടറി റാണിജോർജ്, ഡയറക്റ്റർ പി. ബാലകിരൺ ഐഎഎസ്, ഉത്തരവാദിത്തടൂറിസം സംസ്ഥാന മിഷൻ കോ ഓർഡിനേറ്റർ കെ. രൂപേഷ്കുമാർ എന്നിവരുമായി വിവിധ തവണ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയിൽ ആണ് ഇരു സംസ്ഥാന സർക്കാരുകളും കരാറിന് അന്തിമ രൂപം നൽകിയത്. കരാറിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം പ്രവർത്തനങ്ങൾക്ക് ഉദാത്ത മാതൃകയാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം മിഷൻ. ഈ പ്രവർത്തനങ്ങൾ കേരളത്തിന്റെ സഹായത്തോടെ മധ്യപ്രദേശ് നടപ്പാക്കുന്നതിൽ അതിയായ സന്തോഷവും അഭിമാനവും ഉണ്ട് എന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിയമസഭയിൽ പറഞ്ഞു. ജനപങ്കാളിത്ത കേന്ദ്രീതവും പരിസ്ഥിതി സൗഹൃദവുമായ ടൂറിസം പ്രവർത്തനങ്ങൾക്കാണ് കാലിക പ്രസക്തി എന്ന് രാജ്യം തിരിച്ചറിഞ്ഞു എന്നതാണ് ഈ ധാരണാ പത്രത്തിന്റെ പ്രധാന്യമെന്ന് ഉത്തരവാദിത്ത ടൂറിസം സംസ്ഥാന മിഷൻ കോ ഓർഡിനേറ്റർ കെ. രൂപേഷ്കുമാർ പറഞ്ഞു.